he started running. At real there was no army at all Frienchie fooled the Giant and rushed him out. People appreciated and thanked him for saving them. Later the queen gifted him the Sword for the brave.

JITHIN JOSEPH, **IX A**


## THE GOLDEN TOUCH

This story is of a very Greedy rich man. Who chanced upon meeting a fairy. The fairy's hair was caught in a few tree branches. Realising he had an opportunity to make even more money, he asked for a wish in return for helping the fairy. He said all that i touch should turn to gold,and his wish was granted by the great Fairy.

The greedy man rushed home to tell his wife and daughter about his new boon,all the while touching stones and pebbles and converting them into gold. Once he got home, his daughter rushed to greet him. As soon as he bent down to scoop her up in his arms,she turned into a gold statue. He realized his folly and spent the rest of his days searching for the fairy to take a way his wish.

**N SHAJI, IX**

## WILLIAM SHAKESPEARE (1564-1616)



**World famous English dramatist and poet,WILLIAM SHAKESPEARE was born the son of a merchant at Stratford. In 1590 he came to London seeking a job,and worked as a labourer in a Theatre. Continuous contacts with the stage people made him an actor and he began writing plays and poems. He found the theme for his plays from some small events of day-to-day life. Most of hid dramas became world famous. "Venice","King Lear","Hamlet" etc,are his famous plays through which Shakespeare is remembered as a living "HERO". He died on April,1616.**

**JOSEY JOSE, IX A**



TREES

READY WITH LEAVES AND WITH
BUDS
STOOD THE TREE. 'SHALL I TAKE
THEM?'
THE FOREST SAID, NOW PUFFING
WITHGLEE.
'OH MY ,NO LET THEM STAND,
TILL FLOWERS ARE AT HAND!'
ALL TREMBLING FROM TREE
TOP TO ROOT CAME THE PLEA.
FLOWERS UNFOLDING THE
BIRDS GLADLY SUNG 'SHALL
I TAKE THEM?' THE WIND
SAID AND MERRILY SWANG
'OH MY, NO,LET THEM STAND
TILL CHERRIES ARE AT HAND'
PROTESTED THE TREE, WHILE
IT QURVERING HUNG. (TS.ELIOT)

# Unity is strength

Once upon a time an old man lived with his three children in a village. The three children were fighting all the time. When their father was about to die,the father were feeling sad about their children.

One day father called out his children and gave them one stick each and said to brake it,and they easily braked all the sticks. Then he gave to his children a bundle of stick and said to brake it they all tried their best and can't break that bundle of stick.

Then the father said "Unity is strength".When you all united no one in the world can defeat you or you all will defeated. So be UNITED....

DON JOSEPH
**IX A**




# ടോട്ടോചാൻ




അമ്മായിയുടെ വീട്ടിൽ വിരുന്നിത്തയതാണ് ടോട്ടോചാൻ. അമ്മായി എന്തു ചെയ്താലും അതെല്ലാം നോക്കിക്കൊണ്ട് അവൾ കൂടെനടക്കും അമ്മായി വസ്ത്രങ്ങൾ ഉണക്കിയെടുക്കുന്നതു ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോഴാണ് അതു കണ്ടത്. നല്ല ഭംഗിയുള്ള, നീണ്ടുകിടക്കുന്ന, പട്ടുകൊണ്ടുള്ള എന്തോ ഒരു സാധനം. അതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. അതു പോലൊന്ന് അവൾ ഇതിനുമുമ്പ്  കണ്ടിട്ടുമില്ല. അവൾ അതേപ്പറ്റി അമ്മായിയോടു ചോദിച്ചു. കാര്യങ്ങൾ കൃത്യമായി അറിയാൻ കഴിഞ്ഞു. അമ്മായി വളരെ പഴയൊരു പാവാട എടുത്തുകാണിച്ചു. ചുവപ്പുനിറമുള്ളതും ഞൊറികൾ ഉള്ളതു മായിരുന്നു അത്. അമ്മായി സ്കൂളിൽ പഠിക്കുമ്പോൾ ഉപയോഗിച്ചിരുന്നതാണ്. ആ പാവാടയുടെ പിൻ ഭാഗത്തെ അരക്കെട്ടിൽ തുന്നിപ്പിടിപ്പിച്ച ഒരു പ്രത്യേക തരം റിബ്ബണായിരുന്നു അവൾ ആദ്യം കണ്ട വിശേഷവസ്തു. അത് അരയിൽ ചുറ്റിക്കെട്ടിയാൽ നല്ല ഭംഗിയുണ്ടെന്നും സ്ഥിരമായി അങ്ങനെ ചെയ്തിരുന്നെന്നും  അമ്മായി പറഞ്ഞു. ടോട്ടോചാൻ അതിൽ നിന്ന് കണ്ണെടുക്കാതെ നോക്കിനിന്നു. ആ പട്ടുറിബ്ബണിൽ പൂക്കളുടെയും മറ്റു ചിത്രങ്ങളും ഉണ്ടായിരുന്നു. കൊച്ചുടോട്ടോചാൻ കൊതിയോടെയുള്ള നോട്ടം കണ്ടപ്പോൾ അമ്മായി പറഞ്ഞു എനിക്കിത് ഇനി ആവശ്യമില്ല. ഞാനിത് നിനക്ക് തരാൻ പൊവ്വാ. ടോട്ടോചാന്റെ കുഞ്ഞുകണ്ണുകൾ വികസിച്ചു. അമ്മായി പാവാടയിൽനിന്ന് ആ പട്ടുനാട മുറിച്ചെടുത്ത് അവൾക്ക് കൊടുത്തു. സ്കൂളിൽ പോകുമ്പോൾ റിബ്ബൺ ധരിക്കണമെന്ന് ആ നിമിഷം തന്നെ തീരുമാനിച്ചു. വീട്ടിലെത്തിയപ്പോൾ അത് അമ്മയെ കാട്ടിക്കൊടുത്തു. പിറ്റേന്ന് സ്കൂളിലേക്ക് പോയത് തലയിൽ ആ വലിയ പട്ടുനാട വളച്ചുകെട്ടികൊണ്ടാണ്. പിറ്റേന്ന് വരാന്തയിൽ വച്ച് ഹെഡ്മാസ്റ്റർ അവളെകണ്ടു ഈ റിബ്ബൺ എവിടുന്നാ കിട്ടിയത്? ചോദ്യം കേട്ട് അവൾ സന്തോഷത്തോടെ കഥയെല്ലാം വിസ്തരിച്ചു. എല്ലാം ശ്രദ്ധിച്ചുകേട്ടുനനിന്ന മാസ്റ്ററോട് അവൾ ചോദിച്ചു ഇതെങ്ങനെയുണ്ട്? സലായിട്ടുണ്ട്....ഇപ്പഴല്ലേ കാര്യം പിടികിട്ടിയത്. ഇന്നലെ മിയോചാൻ പറയണ, നിന്റേതുപോലത്തെ റിബ്ബൺ വേണംന്ന്. ഞാനീ നാട്ടിലെ കടകളിലെല്ലാം തെരക്കി. ഇതുപോലൊന്ന് കിട്ടീല. ഇതു കിട്ടൂലാ. ഇതു ഫോറിനാന്നാ അമ്മായി പറഞ്ഞേ. അവൾ ചാടിക്കേറി അറിയിച്ചു. മാസ്റ്റർ മുഖം താഴത്തി പതുക്കെ ചോദിച്ചു ടോട്ടോചാൻ, നോക്കൂ. എനിക്കൊരുപകാരം ചെയ്യാമോ?  സ്കൂളിൽ ഈ റിബ്ബൺ ധരിക്കുന്നത് വേണ്ടന്നു വയ്ക്കാമോ? അല്ലെങ്കിൽ മിയോചാൻ എനിക്ക് സ്വൈരം തരില്ല. അല്ലേ, നിനക്ക് സമ്മതമാണങ്കിൽ മതീട്ടോ. അല്പനേരം അവൾ ആലോചിച്ചു. മാസ്റ്ററുടെ മകൾ മിയോചാനെ അവളറിയും. ശരി മാസ്റ്റർ, ഈ റിബ്ബൺ ഞാൻ സ്കൂളിൽ കൊണ്ടുവരില്ല. നന്ദി ടോട്ടോചാൻ! മാസ്റ്റർ തിരികെ നടന്നു. പിറ്റേന്നു രാവിലെ ടോട്ടോചാൻ സ്കൂളിൽ പോകും മുമ്പ് ടെഡി എന്നുപേരുള്ള കരടിപ്പാവയുടെ കഴുത്തിൽ ആ റിബ്ബൺ അവൾ അണിയിച്ചു. അതു കണ്ട അമ്മയ്ക്ക് സ്കൂളിൽ നടന്ന കാര്യമൊന്നും മനസ്സിലായില്ല.

# ജവഹർലാൽ നെഹ്റു

ഇന്ത്യയുടെ ആദ്യപ്രധാമന്ത്രിയും ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖ്യശില്പിയും, മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപറാണിയുടെയും മകനായി 1889 നവംബർ 14ന് ജവഹർലാൽ നെഹ്റു ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേക്കു പോയി. പ്രകൃതിശാസ്ത്രത്തിലും ബാരിസ്റ്റർപരീക്ഷയിലും വിജയിച്ച് 1912ൽ ഇന്ത്യയിൽ മടങ്ങിയെത്തി, അലഹബാദ് ഹൈക്കോടതിയിൽ വക്കീലായി ജീവിതമാരംഭിച്ച അദ്ദേഹം 1912ലെ ബന്ദിപ്പൂർ കോൺഗ്രസ്സ് സമ്മേളനത്തോടെയാണ് ദേശീയപ്ര സ്ഥാനത്തിൽ പങ്കാളിയാകുന്നത്. 1916ൽ കമലാ കൗളിനെ വിവാഹം കഴിച്ചു. 1917 നവംബർ 19നാണ് ഇന്ദിരാപ്രിയദർശിനി എന്ന മകൾ ജനിക്കുന്നത്. 1921 മുതൽ 1945 വരെ ആറു തവണ അദ്ദേഹം ജയിൽവാസമനുഭവിച്ചു. ഇക്കാലത്ത് മകൾ ഇന്ദിരാപ്രിയദർശിനിക്കയച്ച കത്തുകളുടെ സമാഹാരമാണ് ' ഒരച്ഛൻ മകൾക്കയച്ച കത്തുകൾ ' 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്ര്യയായപ്പോൾ ആദ്യപ്രധാനമന്ത്രിയായി. 1964ൽ മരിക്കുന്നതുവരെ ആ പദവിയിലിരുന്നു. 1964 മെയ് 28ന് ഹൃദയാഘാതത്താൽ അന്തരിച്ചു.



# അവസാന പരീക്ഷ

ഗുരുകുലപഠനം പൂർത്തിയാക്കി വീട്ടിലേക്ക് മടങ്ങാൻ തയ്യാറായ മൂന്ന് ശിഷ്യന്മാരോട് ഗുരു പറഞ്ഞു ഇനി ഒരു പരീക്ഷകൂടി ഉണ്ട് അത് പിന്നീട് ആകാം ഗുരുവിന്റെ അനുഗ്രഹവും വാങ്ങി മൂന്നു പേരും യാത്ര തിരിച്ചു. കുറേ ദൂരം ചെന്നപ്പോൾ വഴിയിൽ മണ്ണിടിഞ്ഞ് കിടക്കുന്നു. ഒന്നാമത്തെ ശിഷ്യൻ പറഞ്ഞു അത് വഴി പോയാൽ ഉടനെ വീട്ടിൽ എത്തില്ല. ഞാൻ അപ്പുറത്തുള്ള വഴിയിലൂടെ പോകുകയാണ്. രണ്ടാമത്തെ ആൾ മൺകൂന ചാടി കിടന്നു. മൂന്നാമൻ പറഞ്ഞു. ഇതിങ്ങനെ കിടന്നാൽ രാത്രിയിൽ ഈ വഴി വരുന്നവർ കഷ്ടപ്പെടും. അതുകൊണ്ട് ഈ വഴി സഞ്ചാര യോഗ്യമാക്കിയിട്ട് പോകാം. അപ്പോഴേക്ക് ഗുരു അവിടെ എത്തി. മൂന്നാമത്തെ ശിഷ്യനോട് ഗുരു പറഞ്ഞു അവസാന പരീക്ഷയിൽ നീ വിജയച്ചിരിക്കുന്നു. വഴി മാറി സഞ്ചരിക്കാൻ എളുപ്പമാണ് വഴി ഒരുക്കി പോകാൻ വളരെ പ്രയാസവും വഴി മുടങ്ങുമ്പോൾ തിരിച്ച്പോകാതിരിക്കുന്നത് വെറുമൊരു വഴി കണ്ടെത്തുന്നത് അഭിനന്ദനാർഹം തന്നെ. അതേ സമയം, വഴി നേരെ ആക്കുന്നതും പിന്തുടരുന്നവർക്കു വേണ്ടി യാത്ര യോഗ്യമാക്കുന്നതും മഹത്തരമാണ്. സ്വന്തം കാര്യം നേടാൻ സാമർത്ഥ്യം മതി. മറ്റുള്ളവർക്ക് നേടി കൊടുക്കാൻ സന്മനസ്സുകൂടി വേണം. പ്രതിസന്ധികൾ വരുമ്പോൾ വഴിമാറുക എന്നതിനേക്കാൾ പ്രതിബന്ധങ്ങൾ മാറ്റുക എന്നതല്ലേ കൂടുതൽ ഫലപ്രദമായ മാർഗ്ഗം.

# തെളിവ്

ഒരിടത്ത് ഒരു കുറ്റിക്കാട്ടിൽ ഒരു മുയൽ താമസിച്ചിരുന്നു. ദിവസവും രാവിലെ ആഹാരം തേടി ഇറങ്ങും. വൈകുന്നേരം കിട്ടിയതും കൊണ്ട് വരും. അതും തിന്ന് ദൈവത്തിന് നന്ദിയും പറഞ്ഞ് കടന്നുറങ്ങും. ഒരു ദിവസം മടങ്ങിവന്നപ്പോൾ ഒരു കീരിയും ഭാര്യയും മക്കളുമായി താമസം തുടങ്ങിയതുകണ്ടു മുയൽ അമ്പരന്നു പോയി. ഹേയ്! ഇത് പറ്റില്ല കേട്ടോ, ഇതെന്റെ മാളമല്ലെ. വേഗം ഒഴിവായിത്തരു. മുയൽ പറഞ്ഞു. എന്താ തെളിവ്? കീരി ചോദിച്ചു. ഞാൻ വരുമ്പോൾ ഇവിടെ ആരുമില്ല. ആരോ എന്നോ ഉണ്ടാക്കിയ ഒരു മാളം, അതിൽ ഞാനങ്ങു താമസമാക്കി. ഇനി മാറാനൊന്നും സാധിക്കില്ല. കീരി ശാഠ്യം പിടിച്ചു. അങ്ങനെ പറഞ്ഞാലൊക്കുമോ? മുയൽ ക്ഷമയോടെ പറഞ്ഞു മനസ്സിലാക്കി എന്റെ അച്ഛൻ പണിത മാളമാണിത്. ഞാൻ ഇരതേടി പുറത്തേക്ക് പോയെന്നെയുള്ളു. എന്നും ഇവിടെയാണ് ഞാനുറങ്ങുന്നത്. എന്താ തെളിവ് ? കീരി ചോദിച്ചു. വാക്കുതർക്കങ്ങൾക്കൊടുവിൽ പുലി വക്കീലിന്റെ അടുത്തുപോകാമെന്ന് അവർ തീരുമാനിച്ചു. അവർ പുലിയോട് കാര്യങ്ങളെല്ലാം പറഞ്ഞു. പുലി ചോദിച്ചു നീയെന്തിനാ ഇവന്റെ മാളത്തിൽ കയറിയങ്ങു താമസിച്ചത് ? ഞാനൊരു പാവമാണ്. കീരി തൊണ്ടയിടറിക്കൊണ്ട് താണുവണങ്ങി ബോധിപ്പിച്ചു. എനിക്കും ഭാര്യയും മക്കളുമുണ്ട്. അവരെയും കൊണ്ട് ഞാൻ എവിടെ പോകും ? പുലിയുടെ കണ്ണുകൾ മിന്നി. പുലി പറഞ്ഞു നിനക്കു ഭാര്യയും കുട്ടികളും ഉണ്ടെന്ന് എന്താ തെളിവ് ? ഉണ്ടെങ്കിൽ അവരെ കൂട്ടിക്കൊണ്ടുവാ. കീരി ഓടി പോയി അവരെ കൂട്ടിക്കൊണ്ടുവന്നു. കീരിയുടെ മക്കളുടെ തലയിൽ തലോടിക്കൊണ്ട് പുലി പറഞ്ഞു. കഷ്ടം! കഷ്ടം! ഈ പിഞ്ചു പിള്ളേരെ ഇറക്കിവിടാൻ നിനക്ക് തോന്നിയല്ലോ മുയലേ! ഇവരിനി എവിടെ പോകും? ഒരു കാര്യം ചെയ്യ്. കീരി, നീ തൽക്കാലം എന്റെ മടയിൽ താമസിച്ചോ. ഞാൻ വേറൊരു താമസസ്ഥലം കണ്ടുപിടിച്ചോളാം. കീരിയും ഭാര്യയും പുലിയുടെ നീതിനിഷ്ഠയിൽ സന്തോഷിച്ചു. പുലിയെ താണുവണങ്ങി അവർ പുലിമടയിലേക്ക് കയറിപ്പോയി. പുലി ഒന്നു നെടു വീർപ്പെട്ട് മുയലിന്റെ അടുത്ത് ചെന്ന് പറഞ്ഞു. അനിയാ, ഭാര്യയും മക്കളുമുള്ളവർക്കേ ആ ബുദ്ധിമുട്ട് മനസ്സിലാകൂ. നിനക്ക് ഇപ്പോൾ സന്തോഷമായില്ലേ. നീയും സുഖമായി താമസിക്കണം. വീട്ടിലല്ല എന്റെ വയറ്റിനകത്ത് ! അതും പറഞ്ഞ് പുലി ഒറ്റയടിക്ക് മുയലിനെ വിഴ്ങ്ങി. അതിനെ കൊല്ലുന്നതിനു മുമ്പ് ഒരു കാര്യം കൂടി പറഞ്ഞു വിഷമിക്കല്ലെ, അനിയാ. കീരിക്കും ഭാര്യക്കും മക്കൾക്കും എന്റെ ഭാര്യയും മക്കളും അവരുടം വയറ്റിൽ താമസസൗകര്യം കൊടുത്തിട്ടുണ്ടാവും!

## കാർബൺ

ജീവപ്രപഞ്ചത്തിലെ മായാജാലങ്ങൾക്ക പിന്നിലെ മാന്ത്രികനാരെന്നറിയാമോ?
കാർബൺ,വെറും കരി!
കാർബണാണ് ജീവപ്രപഞ്ചത്തിലെ നായകൻ.കാർബൺ സംയുക്തെങ്ങളുടെ ലീലാവിലാസങ്ങളാണ് ജീവലോകവിസ്മയങ്ങൾക്ക പിന്നിൽ.പൂകൾക്ക മണവും നിറവും കൊടുക്കുന്നത് കാർബൺ സംയുക്തങ്ങളാണ്.ഇലകൾക്ക് പച്ചനിറം കൊടുക്കുന്ന ഹരിതകം കാർബൺ സംയുക്തമാണ്.ഇലകൾ മാത്രമല്ല തടിയും വേരും കാർബൺ തന്നെ.നമ്മുടെ തൊലിയും മുടിയും മാംസവും കാർബൺ സംയുക്തങ്ങൾ തന്നെ.ശരീരത്തിലെ രാസപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന എൻസൈമുകളും കാർബൺ സംയുക്തങ്ങളാണ്.നമ്മുടെ മാത്രമല്ല മറ്റ ജീവികളുടെ കഥയും ഇതുതന്നെ.

### Reverse dictionary of **Carbon**

കാർബൺ രൂപാന്തരങ്ങൾ- Allotrops of carbon
വജ്രം- Diamond
താപചാലകത- Thermal conductivity
ആഗോളതാപനം- Global warming
ഏകബന്ധനം- Single bond
പൂരിതഹൈഡ്രോകാർബൺ- Saturated hydrocarbon
അപൂരിതഹൈഡ്രോകാർബൺ- Unsaturated hydrocarbon
വലയസംയുക്തങ്ങൾ- Cylic compounds
കാർബണിക രസതന്ത്രം- Organic chemistry

# കുമാരനാശാൻ



1873 ഏപ്രിൽ 12 ന് ചിറയിൻകീഴ് താലൂക്കിലെ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിൽ കുമാരനാശാൻ ജനിച്ചു. അച്ഛൻ നാരായണൻ പെരുങ്ങാടി മലയാളത്തിലും തമിഴിലും നിപുണനായിരുന്നു. കുമാരുവിന്റെ അച്ഛൻ ഈഴവസമുദായത്തിലെ ഒരു മാന്യവ്യക്തി യായിരുന്നു. പ്രധാന തൊഴിൽ കച്ചവടമായിരു ന്നെങ്കിലും അദ്ദേഹം നാട്ടുകാര്യങ്ങളിലും ശ്രദ്ധ പതിപ്പിക്കുകയും മലയാളത്തിൽ കീർത്തന ങ്ങൾ രചിക്കുകയും അവ മനോഹരമായി ചൊല്ലുകയും ചെയ്യുമായിരുന്നു. അമ്മ കാളിയമ്മ തികഞ്ഞ ഒരു ഈശ്വരഭക്തയായ കുടുംബിനി യായിരുന്നു. പുരാണേതിഹാസങ്ങളിലൊക്കെ അവർക്ക് തികഞ്ഞ അവഗാഹമുണ്ടായിരുന്നു. വല്ലാത്ത കുസൃതിയായിരുന്നു കുമാരു. കുമാരുവിനെ അടക്കി നിർത്താൻ അമ്മയുടെ പൊടിക്കൈയായിരുന്നു പുരാണകഥപറയൽ. അച്ഛൻ പാടുന്ന കീർത്തനങ്ങൾ കേട്ട് കുമാരു ലയിച്ചിരിക്കുമായിരുന്നു. അച്ഛനെഴുതുന്ന കവിതകൾ പോലെ താനും വലുതാകുമ്പോൾ എഴുതുമെന്ന് കൊച്ചുകുമാരു പറയുമായിരുന്നു. ഒമ്പതു മക്കളുള്ള കുടുംബത്തിലെ രണ്ടാമത്തെ മകനായിരുന്നു കുമാരനാശാൻ. ആശാന് കഥകളിയിലും ശാസ്ത്രീയ സംഗീതത്തിലും ഉള്ള താല്പര്യം അച്ഛനിൽ നിന്നു ലഭിച്ചു. കുമാരുവിനു ബാല്ല്യകാലത്ത് പലവിധ അസുഖങ്ങൾ വന്ന് പലപ്പോഴും കിടപ്പിലാവുക പതിവായിരുന്നു. കുമാരന്റെ പതിനെട്ടാമത്തെ വയസ്സിൽ അസുഖം ബാധിച്ച് കിടപ്പിലായിരുന്ന അവസരത്തിൽ ശ്രീനാരായണഗുരു ആ വീട്ടിൽ വരുകയും കുമാരുവിനെ കൂട്ടിക്കൊണ്ട് പോവുകയും ചെയ്തു. ഗോവിന്ദനാശാന്റെ കീഴിൽ യോഗയും താന്ത്രികവും അഭ്യസിച്ച് വക്കത്തുള്ള ഒരു മുരുകൻ ക്ഷേത്രത്തിൽ കഴിയുമ്പോൾ മുതൽ കുമാരുവിന് കവിതയെഴുത്ത് ഒരു കമ്പമായി രൂപപ്പെട്ടിരുന്നു. അന്നത്തെ പതിവനുസരിച്ച് 7 വയസ്സായപ്പോൾ കുമാരുവിനെ കുടിപ്പള്ളിക്കൂടത്തിൽ ചേർത്തു. പ്രഥമഗുരു തുണ്ടത്തിൽ പെരുമാളാശാനായിരുന്നു. സമർത്ഥനായ കുമാരു വേഗംതന്നെ എഴുത്തും കണക്കും പഠിച്ചു. എട്ടു വയസ്സായപ്പോൾ സംസ്കൃത പഠനം ആരംഭിച്ചു. ഇതിനിടയിൽ കുമാരുവിന്റെ അച്ഛന്റെയും മറ്റും പ്രയത്നത്താൽ അവിടെയൊരു പ്രൈമറിസ്കൂൾ സ്ഥാപിതമായി. പതിനൊന്നാമത്തെ വയസ്സിൽ ആ സ്കൂളിൽ രണ്ടാം ക്ലാസ്സിൽ ചേർന്നു. പതിനാലാമത്തെ വയസ്സിൽ പ്രശസ്തമായ രീതിയിൽ സ്കൂൾ പരീക്ഷ പാസ്സായി.

കുറച്ചുകാലം പഠിച്ച സ്കൂളിൽ തന്നെ അദ്ധ്യാപകനായി ജോലി നോക്കി. സർക്കാർ നിയമപ്രകാരം അത്ര ചെറുപ്രായത്തിലുള്ളവരെ അദ്ധ്യാപകരായി നിയമിക്കാൻ വകുപ്പില്ലായിരുന്നതിനാൽ ആ ജോലി സ്ഥിരപ്പെട്ടു കിട്ടിയില്ല. അദ്ധ്യാപക ജോലി

അവസാനിപ്പിച്ച് ചില സ്നേഹിതന്മാരോടൊപ്പം കൂടി സ്വയം ഇംഗ്ലീഷ് പഠിക്കാൻ ആരംഭിച്ചു. കുമാരു കിട്ടുന്ന പുസ്തകങ്ങളെല്ലാം ആർത്തിയോടെ വായിച്ചു തീർക്കുമായിരുന്നു. കുമാരുവിനെ കൂടുതൽ പഠിപ്പിക്കണമെന്ന് അച്ഛന് ആഗ്രഹമുണ്ടായിരുന്നെങ്കിലും വലിയ തുക കൊടുത്ത് പഠിപ്പിക്കാൻ അന്നത്തെ സാമ്പത്തിക ചുറ്റുപാട് അനുവദിച്ചിരുന്നില്ല. വെറുതെ ഇരുത്തേണ്ടെന്ന് കരുതി അച്ഛൻ മകന് കൊച്ചാര്യൻ വൈദ്യർ എന്നൊരാളിന്റെ കടയിൽ കണക്കെഴുത്ത് ജോലി സംഘടിപ്പിച്ചു കൊടുത്തു. മുഷിഞ്ഞ ആ ജോലി ഉപേക്ഷിച്ച് കുമാരു വീട്ടിൽ നിന്നിറങ്ങിപ്പോയി വല്യച്ഛന്റെ വിട്ടിൽ താമസിച്ചു. കണക്കെഴുത്തു ജോലിയിൽ ഏർപ്പെട്ടിരുന്ന നേരത്തു തന്നെ കുമാരു കവിതയെഴുതാൻ തുടങ്ങിയിരുന്നു. പരവൂരിലെ കേശവനാശാൻ പ്രസിദ്ധീകരിച്ചിരുന്ന സുജനാനന്ദിനി എന്ന മാസികയിൽ കുമാരന്റെ രചനകൾ കുമാരു, എൻ. കുമാരൻ, കായിക്കര എൻ. കുമാരൻ എന്നീ പേരുകളിലൊക്കെ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങി. തന്റെ കണക്കെഴുത്തുകാരന്റെ ജ്ഞാനതൃഷ്ണ മനസ്സിലാക്കിയിരുന്ന കൊച്ചാര്യൻ വൈദ്യർ അവനെ തുടർന്ന് പഠിപ്പിക്കണമെന്ന് കുമാരുവിന്റെ അച്ഛനോട് നിർബന്ധമായി പറഞ്ഞു. മണമ്പൂർ ഗോവിന്ദനാശാൻ എന്ന പ്രമുഖ പണ്ഡിതന്റെ വിജ്ഞാനസന്ദായിനി എന്ന പാഠശാലയിൽ കുമാരുവിനെ ചേർത്തു. പാട്ടുകളും ശ്ലോകങ്ങളും എഴുതുന്ന കാര്യത്തിൽ അന്ന് കുമാരുവിനെ വെല്ലാൻ അവിടെയാരുമില്ലായിരുന്നു. അവിടെ പഠിച്ചിരുന്ന കാലത്ത് രചിച്ച കൃതികളാണ് വള്ളീ വിവാഹം, അമ്മാനപ്പാട്ട്, ഉഷാകല്യാണം എന്നിവ. ശ്രീനാരായണഗുരുവുമായി പരിചയപ്പെട്ടത് ആശാന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ഒരിക്കൽ കുമാരൻ സുഖമില്ലാതെ കിടന്ന അവസരത്തിൽ അച്ഛൻ ശ്രീനാരായണഗുരുവിനെ അവരുടെ വീട്ടിൽ വിളിച്ചു കൊണ്ടുവന്നു. ആദ്യ കാഴ്ചയിൽ തന്നെ ആ മഹായോഗിയും കുമാരുവും വ്യാഖ്യാനിക്കാൻ കഴിയാത്തൊരു ആത്മീയബന്ധത്താൽ ആകൃഷ്ടരായി. കുമാരുവിന്റെ സ്തോത്രകവിതകൾ ഗുരുവിനെ അത്യധികം ആകർഷിച്ചു. ശൃംഗാരകവിതകളുടെ രചനകളിൽ ഇനി മുഴുകരുതെന്ന് ഗുരു കുമാരുവിനെ ഉപദേശിച്ചു. ജീവിതകാലം മുഴുവൻ നീണ്ടുനിന്നൊരു സുദൃഢമായ ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. ശ്രീനാരായണഗുരുവിന്റെ ആത്മീയചൈതന്യം കുമാരുവിനെ ക്രമേണ യോഗിയും വേദാന്തിയുമാക്കി. ഉദ്ദേശം ഇരുപത് വയസ്സ് പ്രായമായപ്പോൾ കുമാരു വക്കം സുബ്രഹ്മണ്യക്ഷേത്രത്തിൽ ചെന്ന് അന്തേവാസിയായി മതഗ്രന്ഥ പാരായണത്തിലും, യോഗാസനത്തിലും ധ്യാനത്തിലും മുഴുകി. അക്കാലത്ത് അദ്ദേഹം ക്ഷേത്രപരിസരത്ത് ഒരു സംസ്കൃതപാഠശാല ആരംഭിച്ചു. സംസ്കൃതം പഠിപ്പിച്ചു തുടങ്ങിയതോടെ നാട്ടുകാർ അദ്ദേഹത്തെ കുമാരനാശാൻ എന്ന് വിളിച്ചു തുടങ്ങി. അല്പകാലം അവിടെ കഴിഞ്ഞശേഷം കുമാരനാശാൻ നാടുവിട്ട് ഏകനായി കുറ്റാലത്തെത്തി. അവിടെ വച്ച് മലമ്പനി ബാധിച്ചു. ഈ യാത്രയുടെ അവസാനം അരുവിപ്പുറത്തായിരുന്നു. ഇക്കാലത്ത് ആശാൻ ആശ്രമവാസികൾക്ക് വേണ്ടി രചിച്ച കീർത്തനമാണ് ശാങ്കരശതകം. ശ്രീനാരായണഗുരുദേവൻ തന്നെ ശിഷ്യനെ ഉപരിപഠനത്തിനയക്കാൻ തീരുമാനിച്ചു. അതിനായി ബാംഗളൂരിൽ ജോലി നോക്കിയിരുന്ന ഡോ. പല്പുവിനെ ചുമതലപ്പെടുത്തി. ഇരുപത്തിനാലാമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസത്തിനായി ബാംഗ്ലൂർക്ക് പോയി. ന്യായശാസ്ത്രമായിരുന്നു ഐച്ഛിക വിഷയം. ശ്രീനാരായണഗുരുവുമൊന്നിച്ചാണ് ആശാൻ ബാംഗളൂർ എത്തിയത്. ഡോ.പല്പുവിന്റെ കുടുംബാന്തരീക്ഷവും ബാംഗ്ലൂരിലെ ജീവിതവും

ആശാന്റെ പ്രതിഭയെ കൂടുതൽ പ്രോജ്ജ്വലമാക്കിത്തീർക്കുന്നതിൽ വലിയൊരു പങ്കുവഹിച്ചു. അക്കാലത്ത് ഡോ.പല്പു കുമാരനാശാനൊരു പേരു നല്കി. ചിന്നസ്വാമി. ന്യായവിദ്വാൻ എന്ന തർക്കശാസ്ത്രപരീക്ഷയിൽ ഉന്നതവിജയം കൈവരിച്ച സ്കോളർഷിപ്പിനർഹനായി മൂന്നുവർഷത്തോളം അദ്ദേഹം ബാംഗളൂരിൽ പഠിച്ചു. തുടർന്ന് ഡോ.പല്പുവിന്റെ പരിശ്രമഫലമായി ആശാന് 1898 ൽ കൽക്കത്തയിലെ സംസ്കൃത കോളേജിൽ പ്രവേശനം ലഭിച്ചു. 25 മുതൽ 27 വയസ്സുവരെ കൽക്കത്തയിൽ അദ്ദേഹം പഠിച്ചു. ന്യായശാസ്ത്രം, ദർശനം, വ്യാകരണം, കാവ്യം എന്നിവയും അതിനു പുറമേ ഇംഗ്ലീഷും അദ്ദേഹം ഇക്കാലത്ത് അഭ്യസിച്ചു. ഡോ.പല്പുവാണ് ആശാന്റെ വിദ്യാഭ്യാസത്തിനു വേണ്ട സഹായങ്ങളെല്ലാം ചെയ്തത്. കൽക്കത്തയിലെ ജീവിതകാലത്തിലെ ഭൂരിഭാഗവും പഠനത്തിനും ഗ്രന്ഥപാരായണത്തിനുമായി ആശാൻ ചെലവഴിച്ചു. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെയും മറ്റും കൃതികൾ പുതിയൊരു ഓജസ്സുപകരുന്ന ബംഗാളിസാഹിത്യത്തിന്റെ നവോത്ഥാനകാലഘട്ടത്തിലായിരുന്ന ആശാൻ കൽക്കത്തയിലെത്തിയത്. ഈ കാവ്യാന്തരീക്ഷവും പുതിയ ചിന്താഗതിയും ആശാനിലെ കവിയെ സ്വാധീനിച്ചിട്ടുണ്ടാകും. ശ്രീനാരായണഗുരുദേവന്റെ ആജ്ഞാനുസാരം കൽക്കത്തയിലെ വിദ്യാഭ്യാസം അവസാനിപ്പിച്ച് കുമാരനാശാൻ അരുവിപ്പുറത്ത് മടങ്ങിയെത്തി. അരുവിപ്പുറത്തെ താമസത്തിനിടയ്ക്ക് അദ്ദേഹം മൃത്യുഞ്ജയം,വിചിത്രവിജയം തുടങ്ങിയ നാടകങ്ങളും, ശിവസ്തോത്രമാല തുടങ്ങിയ കവിതകളും രചിച്ചു. നന്നായില്ലെന്ന കാരണത്താൽ വിചിത്രവിജയം പ്രസിദ്ധികരിച്ചില്ല. മൂന്നു വർഷത്തോളം ആശാൻ അരുവിപ്പുറത്തെ ആശ്രമത്തിൽ കഴിഞ്ഞു. അപ്പോഴേക്കും അദ്ദേഹത്തിന് 30 വയസ്സായിരുന്നു. ഈ കാലഘട്ടത്തിലാണ് മറ്റൊരു സംഭവം നടന്നത്. ശ്രീനാരായണഗുരുവും ഡോ.പല്പുവും മുൻകൈയ്യെടുത്ത് 1903 ജൂൺ 4 ന് എസ്.എൻ.ഡി.പി. യോഗം സ്ഥാപിതമായി. യോഗത്തിന്റെ സംഘടനാപരമായ ചുമതലകൾ അർപ്പിക്കാൻ ശ്രീനാരായണഗുരു തിരഞ്ഞെടുത്തത് പ്രിയ ശിഷ്യനായ കുമാരനാശാനെ ആയിരുന്നു. അങ്ങനെ 1903 ൽ കുമാരനാശാൻ ആദ്യ യോഗം സെക്രട്ടറിയായി. ഏതാണ്ട് 16 വർഷക്കാലം അദ്ദേഹം ആ ചുമതല വഹിച്ചു. 1904 ൽ അദ്ദേഹം എസ്.എൻ.ഡി.പി യോഗത്തിന്റെ മുഖപത്രമായി വിവേകോദയം മാസിക ആരംഭിച്ചു.

**അറിയുക**

## പ്ലാവ്




പ്ലാവ്,പീലാവ് എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്ന ഫലവൃക്ഷം.വണ്ണമുള്ള തടിയും ധാരാളം ശാഖകളുമുള്ള ഒരു വൃക്ഷമാണിത്.പശ്ചിമഘട്ടത്തിലെ കാടുകളാണ് ഇതിന്റെ ജന്മദേശമെന്ന് കരുതപ്പെടുന്നു.ഏറ്റവും വലിയ ഫലമായ ചക്ക ഉണ്ടാകുന്ന വൃക്ഷമാണിത്.ചക്കച്ചുള,ചക്കകുരു ഇവയെല്ലാം നമ്മുടെ ഇഷ്ടവിഭവങ്ങളാണ്.പ്ലാവിന്റെ ഇല മൃഗങ്ങൾക്ക്,പ്രത്യേകിച്ച് ആടുകൾക്ക് ഇഷ്ടപ്പെട്ട തീറ്റയാണ്.

### വരിക്കയും കൂഴയും

പ്ലാവ് രണ്ടുതരമുണ്ട് കൂഴയും വരിക്കയും.ചക്കയെ അടിസ്ഥാനമാക്കിയാണ് ഈ വേർതിരിവ്.

## ഒ.എൻ.വി കുറുപ്പ്.



മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ്. ഒ.എൻ.വി എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമാ യിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു. കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ. എൻ. കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 ജനിച്ചു. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയമകനാണ് ഒ.എൻ.വി എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരൻ എന്നായിരുന്നു ആദ്യത്തെ പേര്. അപ്പു ഓമനപേരും. സ്കൂളിൽ ചേർത്തപ്പോൾ മുത്തച്ഛനായ തേവാടി വേലുക്കുറുപ്പിന്റെ പേരാണ് നൽകിയത്. അങ്ങനെ അച്ഛന്റെ ഇൻഷ്യലും മുത്തച്ഛന്റെ പേരും ചേർന്ന് പരമേശ്വരൻ എന്ന അപ്പു സ്കൂളിൽ ഒ.എൻ.വേലുക്കുറുപ്പും സഹൃദയർക്ക് പ്രിയങ്കരനായ ഒ.എൻ.വിയുമായി. പ്രാഥമിക വിദ്യാഭ്യാസം കൊല്ലത്ത്. ശങ്കരമംഗലം ഹൈസ്കൂളിൽ തുടർ വിദ്യാഭ്യാസം. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠന ത്തിനായി ചേർന്നു. 1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. 1989-ൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതു സ്വതന്ത്രനായി തിരുവന ന്തപുരം മണ്ഡലത്തിൽ നിന്നും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ. വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-നു ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ

അക്കാദമി അംഗം , കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ച . ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമന ഷ്ഠിച്ചിട്ടുണ്ട് . യു.കെ., കിഴക്കൻ യൂറോപ്പ് , യുഗോസ്ളോവ്യ , സോവിയറ്റ് യൂണിയൻ, അമേരിക്ക, ജർമ്മനി, സിംഗപ്പൂർ , മാസിഡോണിയ, ഗൾഫ് രാജ്യങ്ങൾ എന്നീ വിദേശ രാജ്യങ്ങളിൽ ഒ.എൻ.വി സന്ദർശനം നടത്തിയിട്ടുണ്ട് .വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. ആദ്യം ബാലമുരളി എന്ന പേരിൽ പാട്ടെഴുത്തുട ങ്ങിയതെങ്കിലും ഗുരുവായൂരപ്പൻ എന്ന ചലച്ചിത്രം മുതലാണ് ഒ.എൻ.വി എന്ന പേരിൽതന്നെ ഗാനങ്ങൾ എഴുതിയത്. ആറു പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ

തേടി എത്തിയിട്ടുണ്ട്

## ചാണക്യൻ

ലോകത്തെ ആദ്യത്തെ സാമ്പത്തിക ശാസ്ത്രഗ്രന്ഥമായി പരിഗണിക്കുന്നത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. ബി.സി നാലാം നൂറ്റണ്ടിലാണ് ആദ്ദേഹം ജീവിച്ചിരുന്നത്. മൗര്യവംശ സ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവും വിശ്വസ്തനായ സുഹൃത്തും അനയായിയും ഉപദേഷ്ടാവുമായിരുന്ന ചാണക്യൻ. ചാണക്യൻ നൽകിയ വിലയേറിയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി സൈനികതന്ത്രം ആവിഷ്കരിച്ചാണ് ചന്ദ്രഗുപ്തമൗര്യൻ തന്റെ സാമ്രാജ്യം സ്ഥാപിച്ചത് എന്നാണ് ചരിത്രം പറയുന്നത്.

**ചാണക്യതന്ത്രം**

അവസാനത്തെ നന്ദരാജാവായിരുന്ന ധനനന്ദന്റെ ദേശദ്രോഹനടപടികൾക്കെതിരായിരുന്ന ചാണക്യനെ നന്ദരാജാവ് നാടുകടത്തി.താൻ നന്ദരാജവംശം ഉന്മൂലനം ചെയ്യുമെന്നും പുതിയ രാജാവിനെ പ്രതിഷ്ഠിക്കുമെന്നും ശപഥം ചെയ്താണ് ചാണക്യൻ നാടുവിടുന്നത്.

ധനന്ദരാജാവിന് ഒരു ശൂദ്രസ്ത്രീയായ മുരയിൽ ജനിച്ച ചന്ദ്രഗുപതമൗര്യനെയും രാജാവ് തക്ഷശിലയിലേക്ക് നാടുകടത്തി. ഇടയൻമാരോടൊപ്പം ആടുമേയ്ച്ച നടന്നിരുന്ന ചന്ദ്രഗുപ്തനെ തക്ഷശിലയിൽവച്ച് ചാണക്യൻ കണ്ടുമുട്ടി. ധനനന്ദനോട് പകരം വീട്ടാൻതക്കം പർത്തിരുന്ന ചാണക്യൻ ചന്ദ്രഗുപ്തനെ അതിനുപയോഗപ്പെടുത്താമെന്ന് കണക്ക്കൂട്ടി. വിഞ്ജാനകേന്ദ്രമായ തക്ഷശിലയിൽ സൈനികശാസ്ത്രവും മറ്റും പഠിച്ചു. തുടർന്ന് തന്റെ വിദഗ്ദമായ തന്ത്രങ്ങളിലൂടെ നന്ദരാജാക്കൻമാരെ ഉൻമൂലനം ചെയ്ത് ചാണക്യൻ ചന്ദ്രഗുപ്തനെ മഗദയിലെ രാജാവാക്കി.ചാണക്യൻ ചന്ദ്രഗുപ്തന്റെ പ്രധാനമന്ത്രിയായി എന്നാണ് ചര്ത്രം.പരസ്പരം കലഹിച്ചുംവിദേശാധിനിവേശത്തിൽ

തകർന്നും ചിന്നിചിതറികിടന്ന നാട്ടുരാജ്യങ്ങളെ കീഴടക്കാൻ ഒരിമിച്ച് മൗര്യസാമ്രാജ്യത്തിന് അടിത്റ പാകാൻ ചന്ദ്രഗുപ്തന് തുണയായത് ചാണക്യതന്ത്രങ്ങളാണ്.

**അർത്ഥശാസ്ത്രം**

ഭരണം സുഗമമായി നടത്താൻ ഒരു ഭരണാധാകാരിയെ സഹായിക്കുന്ന നിർദേശങ്ങളാണ് അർത്ഥശാസ്ത്രത്തിനൽ അടങ്ങിയിരിക്കുന്നത്.രാജാവ് രാജ്യകാര്യങ്ങൾ എങ്ങനെ നോക്കിടത്തണം എന്ന് അതിൽ വിശദീകരിക്കുന്നു.രാജാവ് രാജ്യകാര്യങ്ങൾ എങ്ങനെ നോക്കി നടത്തണം എന്ന് അതിൽ വിശിദീകരിക്കുന്നു.രാജാവ് സദാസമയവും ജാഗ്രത പാലിക്കണം.പ്രജകളുടെ സന്തോഷമാണ് ഒരു രാജാവിന്റെ സന്തോഷം.പ്രജകളുടെ ക്ഷേമമാണ് രാജാവിന്റെ ക്ഷേമം.എല്ലാ വിജയങ്ങളുടെയും അടിസ്ഥാനവ്യവസ്ഥ നിയമം,നിഷ്കർഷനിയന്ത്രണം എന്നിവയാണെന്ന് അർത്ഥശാസ്ത്രത്തിൽ അദ്ദേഹം ഊന്നിപറയുന്നു.നീതിയാണ് സമൂഹത്തിന്റെ അടിസ്ഥാന ശില. രാഷ്ട്രത്തിന്റെ മുഴുവൻ പ്രവൃത്തനങ്ങളുടെയും പല ഭരണ വകുപ്പുകളായി അദ്ദേഹം തരംതിരിച്ചു.

## പത്തിലെന്നടിസ്ഥാനം

ക്ലാസുകൾ ആരംഭം മെയ്, ജൂൺ മാസങ്ങളിൽ
കുട്ടികളൊക്കെ ഭയന്നിരിക്കും
എന്തിനു പത്തെന്നു ചിന്തിക്കുന്നവരോ
പത്ത് കഴിയുമ്പോൾ ആശ്വസിക്കും
അധ്യാപകർ തന്നിൽ വിശ്വസിച്ചീട്ടുമ്പോൾ
അമ്മതൻ ആദിയും ചിന്തിക്കണം
ഈ പഠനങ്ങൾ നമ്മുടെ ഭാവിയെ ബാധിക്കും എന്ന് നാം ചിന്തിക്കണം
എങ്കിലും സീനില്ല എന്ന് പറഞ്ഞിട്ട് facebook-ൽ പണിയുന്നോർ
പെട്ടുപോകും ദുഷ്ചിന്തയായി വരുന്നവരൊക്കയോ
ക്ലാസിലെന്തെ-ന്ന് ചിന്തിക്കയില്ല തോൽവിതൻ വക്കിലെത്തിമ്പോൾ
എന്നുമേ സങ്കടപ്പെട്ടിട്ട് കാര്യമില്ല
പരീക്ഷ കഴിയുമ്പോൾ മാർക്ക് കിട്ടാത്തതിൽ
കരഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ
ആദ്യമേ പഠിച്ചിരുന്നെങ്കിൽ നല്ല മാർക്ക് നേടാമായിരുന്നില്ലെ
നമ്മെ പോറ്റിവളർത്തുന്ന മാതാപിതാക്കൾക്ക്

**അത്താണിയാകുവാൻ ശ്രദ്ധിക്കണം**
**വിദ്യാർത്ഥിതൻ ആയുധം എന്നും എപ്പോഴും**
**പുസ്തകമാണെന്ന് ഓർത്തിടേണം**

## പരാജയങ്ങളിൽ ചവിട്ടി ഉയരുക (കഥ)

ഒരിടത്തൊരു കഴുതയുണ്ടായിരുന്നു.യജമാന്റെ ഏക ആശ്രയമാണീ കഴുത.അതുകൊണ്ടു തന്നെ കഴുതയ്ക്ക് അൽപ്പം പ്രായം ചെന്നിരുന്നെങ്കിലും അതിനെ വിൽക്കാതെ സൂക്ഷിച്ചുപോന്നു.അങ്ങനെയിരിക്കെ ഒരു ദിവസം കഴുത അബദ്ധത്തിൽ യജമാനന്റെ വീടിനടുത്തുള്ള ഒരു പൊട്ട കിണറ്റിൽ വീണു...!കഴുതയുടെ കരച്ചിൽ കേട്ടെത്തിയ യജമാനൻ കഴുതയെ രക്ഷിക്കാനുള്ള വഴികൾ തിരഞ്ഞു.പക്ഷെ വളരെയധികം ആഴമുണ്ടായിരുന്ന ആ കിണറ്റിൽ നിന്നും കഴുതയെ രക്ഷിക്കാൻ അത്ര എളുപ്പമായിരുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ അയാൾക്കൊരു തോന്നലുണ്ടായി ഇത്രയും ബുദ്ധിമുട്ടി പ്രായമേറിയ ഈ കഴുതയെ രക്ഷപ്പെടുത്തിയാൽ തനിക്കു ഗുണമൊന്നുമുണ്ടാവില്ല,നഷ്ടം മാത്രമായിരക്കും . ഫലം.മാത്രല്ല ഈ കിണറും ഉപയോഗശൂന്യമാണ്.അതുകൊണ്ട് കഴുത വീണു കിടക്കുന്ന കിണർ മൂടുവാൻ തന്നെ യജമാനൻ തീരുമാനിച്ചു.ഉടൻതന്നെ അയാൾ അടുത്തുള്ളവരെ വിളിച്ചു വരുത്തി മണ്ണിട്ട് മൂടുവാൻ ആരംഭിച്ചു. കിണറ്റിലേക്ക് മണ്ണുവീഴാൻ തുടങ്ങിയതോടെ കഴുതയ്ക്ക് മനസ്സിലായി തന്നെ യജമാനൻ മണ്ണിട്ട് മൂടാൻ പോവുകയാണെന്ന്.അതോടെ കഴുത അത്യുച്ചത്തിൽ നിലവിളിക്കാൻ ആരംഭിച്ചു.പക്ഷെ കുറച്ചു കഴിഞ്ഞപ്പോൾ അതിന്റെ കരച്ചിൽ കേൾക്കാതായി.കിണർ മൂടിത്തീരാ റയിരിക്കുന്നു,യജമാനനും സഹായികൾക്കും വിശ്വസിക്കാനായില്ല,ഞങ്ങൾ മണ്ണിട്ടു മൂടിയ കഴുത യാതൊരു പരുക്കുകളുമില്ലാതെ ഇതാ മുന്നിൽ നിൽക്കുന്നു.കിണറ്റിൽ മണ്ണു വീണപ്പോൾ ആദ്യം കഴുത നിലവിളിച്ചു.പക്ഷെ പിന്നീട് അവൻ വീണ മണ്ണിന്റെ മേലെ ചവിട്ടി മുകളിലെത്തി.നമ്മുടെയെല്ലാം ജീവിതവും ഇങ്ങനെ തന്നെയാണ് പ്രതികൂല

സാഹചര്യങ്ങളും കഷ്ടപ്പാടുകളും നമ്മുടെ നേരെ മണ്ണുവാരിയെറിഞ്ഞു കൊണ്ടിരിക്കും

എന്നാൽ ഓരോ പരാജയത്തിലുമുണ്ടാവും മുന്നോട്ട് പിടിച്ച് കയറാനുള്ള ഒരു പടി അവ

നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് കാര്യം.

## ഫലിതരസം

1.അപ്പൂപ്പൻ താടിക്ക് താടിയുള്ളതെന്തുകൊണ്ട് ? -അപ്പൂപ്പൻ താടി ഷേവ് ചെയ്യാത്തതുകൊണ്ട് !

2.പൂവൻകോഴി എന്തുകൊണ്ടാണ് കണ്ണടച്ച് കൂവുന്നത് ?

-അതിന് അത് കാണാതെ അറിയാവുന്നതുകൊണ്ട് !

3.എല്ലാവരുടെയും രക്തം സ്വീകരിക്കാവുന്നത് ഏത് ഗ്രൂപ്പിനാണ് ? - കൊതുകിന്റെ ഗ്രൂപ്പിന് !

4.ടീച്ചർ:ദിനോസർ ക്ലാസ്സിൽ വന്നാൽ നിങ്ങൽ എന്തു ചെയ്യും ?

ടിന്റുമോൻ: DEO വന്നിട്ട് ഞങ്ങൾ പേടിച്ചിട്ടില്ല,അപ്പോഴാ,ആട്ടെ ഈ ദിനോ"സർ" ഏതു വിഷയമാണ് പഠിപ്പിക്കുന്നത് !

5.എന്തുകൊണ്ടാണ് ഒട്ടകപക്ഷിയുടെ കഴുത്തിന് ഇത്ര നീട്ടം?

-അതിന്റെ തല ശരീരത്തിൽന്നിന്നു കുറേ അകലയായതിനാൽ !

6.ടീച്ചർ:എന്നാണ് നിന്റെ ജൻമദിനം ?

ടിന്റുമോൻ:മെയ് 10

ടീച്ചർ: ഏത് വർഷം ?

ടിന്റുമോൻ: എല്ലാ വർഷവും !

7.ടിന്റുമോൻ:ടീച്ചറേ ഇനി മഴ പെയ്യുമ്പോൾ ഇടി ഉണ്ടാവില്ലല്ലോ ?

ടീച്ചർ: അതെന്താ ?

ടിന്റുമോൻ:പത്രത്തിൽ വായിച്ചില്ലേ "ഇടി"മിന്നലേറ്റ് മരിച്ചെന്ന് !

8.ടീച്ചർ:സൂര്യനാണോ ചന്ദ്രനാണോ നമുക്ക് കൂടുതൽ ഉപകാരം ചെയ്യുന്നത് ?

ടിന്റുമോൻ:സംശയമില്ല ചന്ദ്രൻ തന്നെ

ടീച്ചർ: അതെങ്ങനെ ?

ടിന്റുമോൻ:സൂര്യൻ പകൽ പ്രകാശിച്ചതുകൊണ്ട് എന്താ പ്രയോജനം രാത്രിയിൽ ഇരുട്ടുള്ളപ്പോഴല്ലേ പ്രകാശം വേണ്ടത് !

9.ടീച്ചർ:ഇനിയും ക്ലാസ്സിൽ വർത്തമാനം പറഞ്ഞാൽ നിന്നെ ഹെഡ്മിസ്ട്രസ്സിന്റെ അടുത്തേക്ക് വിടും

ടിന്റുമോൻ:അതെന്താ അവിടെയാരും വർത്തമാനം പറയാൻ ഇല്ലേ !

10.ടീച്ചർ: ഇപ്പോൾ ഈ കെട്ടിടത്തിന് തീ പിടിച്ചെന്ന് വിചാരിക്കിക നീ എന്തു ചെയ്യും ?

ടിന്റുമോൻ:ഞാൻ വിചാരം നിർത്തും !

കവിത

## വനഭംഗി

കാനനത്തിൽ ശരൽക്കാല
ചാരുഭംഗികൾ നോക്കിയും
കായും കനിയും പൂവും
തളിരും തേടിയോടിയും

ഓമൽ ചിത്രാംഭരം കാറ്റിൽ
പാറിച്ച പറന്ന സുന്ദരി
ഉല്ലാസ്സിച്ചാളങ്ങു മണ്ടു-
മൊരു പൂമ്പാറ്റ പോലവൾ


കണ്ടോ മുകൾ വെള്ളത്തുള്ള
മുകളിൽ തിങ്ങുന്ന വിണ്ണിതിൽ
കാട്ടിൽ കൊന്നകൾ പൂത്തൊരു
പാലവൃക്ഷങ്ങൾ മാതിരി

(ബാലരാമായണം)





# വൈക്കം മുഹമ്മദ് ബഷീർ




മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ . **1982** ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

**1908** ജനുവരി **21** ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(**5-**ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കള്ളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. **1930-**ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. പ്രഭ എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ

സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാട്ടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന ജയകേസരിയിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.






നന്ദിയുടെ ഒരു വാക്ക്......

സ്കൂൾ ഹെഡ്മിസ്ട്രസ്സിന്......

അദ്ധ്യാപകർക്ക്.........

കൂടെ പ്രവർത്തിച്ച കൈറ്റ്സ്

സുഹൃത്തുക്കൾക്ക്......